(എഫ് ആന്റ് ജി) റിപ്പോർട്ട് വിശദമായി പരിശോധിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ വ്യക്തമായ ഒരു തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ.

അനന്തമൂർത്തി കമ്മീഷൻ റിപ്പോർട്ട്

75 [1485] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ പരിഷ്കരണത്തിനുവേണ്ടി നിയോഗിച്ച അനന്തമൂർത്തി കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കാമോ;

(ബി) അനന്തമൂർത്തി കമ്മീഷന്റെ പ്രധാന ചുമതലകൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. അതിനുശേഷമേ കോപ്പി ലഭ്യമാവുകയുള്ളൂ.

(ബി) വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക, വിദ്യാഭ്യാസ മംഗത്തെ പ്രശ്നങ്ങൾ വിശകലനം ചെയ്ത് പഠിച്ച് അവയ്ക്ക് ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, അദ്ധ്യാപന മംഗത്തെ അപാകതകൾ എന്തെല്ലാമാണെന്ന് വിലയിരുത്തി അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക തുടങ്ങിയവയായിരുന്നു അനന്തമൂർത്തി കമ്മീഷന്റെ പ്രധാന ചുമതലകൾ.

സംസ്ഥാനത്തെ സ്കൂൾ അദ്ധ്യാപകർക്ക് നൽകുന്ന പരിശീലനം

76 [1486] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ അദ്ധ്യാപകർക്ക് ഇപ്പോൾ എന്തെല്ലാം പരിശീലനങ്ങൾ നൽകുന്നു എന്ന് വിശദമാക്കുമോ;

(ബി) ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്ക്കൂൾ തലത്തിലെ അദ്ധ്യാപകർക്ക് വർഷത്തിൽ എത്ര കാലദൈർഘ്യമുള്ള പരിശീലനങ്ങളാണ് ഇപ്പോൾ നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള പരിശീലനങ്ങളുടെ സ്വഭാവവും ഉദ്ദേശ ലക്ഷ്യങ്ങളും സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പരിശീലകരായ അദ്ധ്യാപകർക്കുള്ള പ്രത്യേക യോഗ്യതകളും അവർക്ക് അതിനുവേണ്ടി ലഭിച്ചിട്ടുള്ള പരിശീലനങ്ങളും സംബന്ധിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ഇ) അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിന് നിയോഗിക്കുന്ന അദ്ധ്യാപകർക്ക് കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയും കുറഞ്ഞ സർവ്വീസ് ദൈർഘ്യവും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly